## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: *642 — 03.04.2018-ൽ മറുപടിക്ക്

### ജനനി-ജന്മരക്ഷ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആർ. രാജേഷ്<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.കെ.വി.വിജയദാസ്<br>,, പി.വി. അൻവർ : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിലെ അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും ആരോഗ്യസംരക്ഷണത്തിനായി ജനനി-ജന്മരക്ഷ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | എ) യും ബി) യും | ഉണ്ട്. എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ പട്ടിക വർഗ്ഗക്കാരായ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമായി പട്ടികവർഗ്ഗ വികസന വകുപ്പ് ജനനീ-ജന്മരക്ഷ എന്ന പദ്ധതി നടപ്പാക്കിവരുന്നു.<br>ഗർഭാവസ്ഥയുടെ 3-ാം മാസം കഴിഞ്ഞ് കുഞ്ഞിന് ഒരു വയസ്സ് തികയും വരെ പ്രതിമാസം 1000/- രൂപ നിരക്കിൽ പരമാവധി 18 മാസം ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി വരുന്നു. ഗർഭാവസ്ഥയിലുള്ളവർക്കും മുലയൂട്ടുന്ന അമ്മമാർക്കും ആരോഗ്യ സംരക്ഷണം ഉറപ്പു വരുത്തുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. |
| ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി പ്രകാരം കൈവരിക്കാനുദ്ദേശിക്കുന്നത്; | | |
| സി) | പോഷകാഹാരക്കുറവ് മൂലം അമ്മമാർക്കും കുട്ടികൾക്കും ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | സി) | ജെ.പി.എച്ച്.എൻ, ആശാവർക്കർ എന്നിവർ മുഖേന ഗർഭിണികൾ രജിസ്റ്റർ ചെയ്യുകയും രക്തസമ്മർദ്ദം, ഹീമോഗ്ലോബിൻ, ശരീരഭാരം തുടങ്ങിയവ സംബന്ധിച്ച ഗർഭകാല പരിശോധന നടത്തുകയും ചെയ്യുന്നു. നവജാത ശിശുവിന് ആവശ്യമായ വാക്സിനുകൾ നൽകുന്ന കാര്യവും ഉറപ്പ് വരുത്തപ്പെടുന്നു. ശിശുവിന് 1 വയസ് ആകുന്നതു വരെ ആനുകൂല്യം നൽകുന്നു. പോഷകാഹാരം ആവശ്യാനുസരണം വാങ്ങി ഉപയോഗിക്കുന്നതിനാണ് പദ്ധതി പ്രകാരം തുക അനുവദിക്കുന്നത്. |

| | | | |
|---|---|---|---|
| ഡി) | പദ്ധതിക്കായി എത്ര തുക 2018-19 സാമ്പത്തിക വർഷം വകയിരുത്തിയി ട്ടുണ്ടെന്നും ഇതിന്റെ ഫലപ്രദമായ നടത്തിപ്പിനായി എന്തെല്ലാം നടപടി കൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്ത മാക്കാമോ? | ഡി) | പദ്ധതിയെപ്പറ്റി പ്രൊമോട്ടർമാർ, ആരോഗ്യ പ്രവർത്തകർ എന്നിവർ മുഖേന വ്യാപകമായ പ്രചരണം നടത്തുന്നു. അർഹരായവരുടെ വിവരങ്ങൾ യഥാ സമയം ആരോഗ്യ പ്രവർത്തകരും പ്രൊമോട്ടർമാരും ശേഖരിക്കുകയും ആനുകൂല്യത്തിനായുള്ള അപേക്ഷ സമർപ്പിക്കുന്നതിന് സഹായിക്കുകയും ചെയ്യുന്നു. യഥാസമയം സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് ബാങ്ക് അക്കൗണ്ട് വഴിയാണ് തുക നൽകുന്നത്. ജനനി-ജന്മരക്ഷാ പദ്ധതിക്കായി 2018-19 സാമ്പത്തിക വർഷം ആകെ 16 കോടി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**